പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1068.** **05.02.2020 ൽ മറുപടിയ്ക്ക്**

## വിമുക്തി പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | "വിമുക്തി " പദ്ധതി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദവിവരം നൽകുമോ; | (എ) യും (ബി) യും | ഉണ്ട്. കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. ജില്ലാ തലങ്ങളിലും എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിലും, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വാർഡ് തലങ്ങളിലും വിമുക്തി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലകളിൽ കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ, ട്രേഡ് യൂണിയനുകൾ എന്നിവ മുഖാന്തിരം വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നു. ലഹരിക്ക് അടിമപ്പെട്ടവരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരികെയെത്തിക്കുന്നതിനായി വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പതിനാല് ജില്ലകളിലും ഓരോ സർക്കാർ ആശുപത്രികളിലായി 14 വിമുക്തി ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളതാണ്.<br>പ്രസ്തുത ഡീ-അഡിക്ഷൻ സെന്ററുകൾ മുഖാന്തിരം ഒ.പി. വിഭാഗത്തിൽ 20293 പേർക്കും ഐ.പി വിഭാഗത്തിൽ 2249 പേർക്കും ചികിത്സ നൽകിയിട്ടുള്ളതാണ്. തിരുവനന്തപുരം, എറണാകുളം, |
| (ബി) | വിമുക്തി പദ്ധതിയുടെ ഭാഗമായി വന്നു ചേർന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | കോഴിക്കോട് എന്നീ ജില്ലകളിലായി 3 സോണൽ കൗൺസിലിംഗ് സെന്ററുകളും, സൗജന്യ കൗൺസിലിംഗിനായി 14405 എന്ന ടോൾഫ്രീ നമ്പറും ആരംഭിച്ചിട്ടുള്ളതും, 2394 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുള്ളതുമാണ്. വിദ്യാർത്ഥികളിൽ ലഹരിയ്ക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻ നിർത്തി കോളേജ് തലത്തിൽ 732 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 4381 ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്.<br>ഇതുകൂടാതെ ആദിവാസി തീരദേശ മേഖലകൾ കേന്ദ്രീകരിച്ച് വിവിധ തരത്തിലുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ജില്ലാ ആശുപത്രികളിലും തുടർന്ന് തെരഞ്ഞെടുക്കപ്പെട്ട സി.എച്ച്.സി., പി.എച്ച്.സി.-കളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ | (സി) | സംസ്ഥാനത്ത് 77 താലൂക്കുകളിലും ആരോഗ്യ വകുപ്പ് നിർദ്ദേശിക്കുന്ന ആശുപത്രികളിൽ വിമുക്തി പദ്ധതിയുടെ ഭാഗമായി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഇതിനോടകം തന്നെ ജനശ്രദ്ധ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുള്ള പദ്ധതി എന്ന നിലയിൽ പുനരധിവാസ പാക്കേജുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോ? | (ഡി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ